# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 89 02.03.2020-ൽ മറുപടിയ്ക്ക്

## ലോകകേരള സഭയുടെ പ്രവർത്തന പുരോഗതി

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ലോകമലയാളികൾ ഏറെ പ്രതീക്ഷയോടെ കാണുന്ന ലോകകേരള സഭയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | എ) | ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ കേരളത്തിന്റെയും പ്രവാസികളുടെയും ഉന്നമനത്തിനായി നിരവധി നിർദ്ദേശങ്ങൾ ഉയർന്ന് വന്നിരുന്നു. ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.<br>1. <u>എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി</u><br>പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്ക്കരിച്ചു പ്രവർത്തിച്ചു വരുന്നു. ഗൾഫ് മേഖലയിലെ നിക്ഷേപസമൂഹത്തിന് കേരളത്തിലെ നിക്ഷേപസാധ്യതകൾ വ്യക്തമാക്കാനായി എൻ.ആർ.ഐ. എമർജിംഗ് എന്റർപ്രെണേഴ്സ് മീറ്റ് എന്ന പേരിൽ ദുബായിൽ നിക്ഷേപ സംഗമം സംഘടിപ്പിച്ചു.<br>2. <u>എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി</u><br>അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി |

| | | | |
|---|---|---|---|
| | | | എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധകമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനമായിട്ടുണ്ട്.<br><br>3. പ്രവാസി സഹകരണ സംഘം<br><br>തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.<br><br>4. വനിത എൻ.ആർ.കെ. സെൽ<br><br>വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.<br><br>5. എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment orientation centres<br><br>മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment orientation centres എന്നിവ രൂപീകരിക്കാനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>6. നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം<br>7. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം |

| | | | |
|---|---|---|---|
| | | | കടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br>8. <u>പ്രവാസി ആനുകാലിക പ്രസിദ്ധീകരണം</u><br>പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.<br>9. <u>എൻ.ആർ.ഐ. ബാങ്ക് & എൻ.ആർ.ഐ. കലോത്സവം എന്നീ ശിപാർശകൾ താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.</u> |
| ബി) | ലോകമലയാളി സമൂഹം വളരെ ശ്രദ്ധേയമെന്ന് വിലയിരുത്തിയ ലോകകേരള സഭയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) | ലോക കേരള സഭയുടെ പ്രധാന ലക്ഷ്യങ്ങൾ വിവരിക്കുന്ന സർക്കാർ ഉത്തരവ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| സി) | പുതിയ സാഹചര്യത്തിൽ വിദേശങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികൾക്കായി ലോകകേരള സഭ മുന്നോട്ട് വയ്ക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | സി) | മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം ലക്ഷ്യം വച്ച് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ 4499 എന്ന കോഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചു. പുനരധിവാസത്തിനായി സ്റ്റാർട്ടപ് പദ്ധതികൾക്കാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകുക, വിമാനത്താവളങ്ങൾ, ഇന്ത്യൻ റെയിൽവേ, തുറമുഖങ്ങൾ തുടങ്ങിയ ഇടങ്ങളിലുള്ള വൈവിദ്ധ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക, നിർദ്ദിഷ്ട കോവളം - കാസർഗോഡ് ജലപാതയിൽ പൊതു ഗതാഗതത്തിന് ആവശ്യമായ ബോട്ടുകൾ, യാനങ്ങൾ തുടങ്ങിയവ സ്വന്തമായി വാങ്ങി സേവനം നടത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പ്രവാസികളുടെയും പൊതു മേഖലാ സ്ഥാപനങ്ങളുടേയും ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള ഔട്ട്-ലറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ ഉറപ്പ് വരുത്തുക, സ്വന്തമായോ പാട്ടത്തിനോ ഭൂമി കരസ്ഥമാക്കി ഷോപ്പിംഗ് മാളുകൾ, തിയറ്റർ സമുച്ചയങ്ങൾ, ഫിലിം സ്റ്റുഡിയോകൾ എന്നിവ സ്ഥാപിക്കുക, അംഗങ്ങൾക്ക് സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, അംഗങ്ങളുടെ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ മൊത്തമായി ശേഖരിച്ച് ന്യായവിലക്ക് ലഭ്യമാക്കുക, സംസ്ഥാനത്ത് മെഡിക്കൽ, എഞ്ചിനീയറിംഗ്, ആർട്ട്സ് & സയൻസ് കോളേജുകൾ, പാരാ മെഡിക്കൽ കോഴ്സുകൾ, ക്ലിനിക്കൽ ലാബുകൾ എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക, വിവര സാങ്കേതിക രംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പ്രവാസിക്ക് പുനരധിവാസം ഉറപ്പ് വരുത്തുക, പ്രവാസികളുടെ ഇടയിൽ മിതവ്യയ ശീലവും സഹകരണ മനോഭാവവും പ്രോത്സാഹിപ്പിക്കുകയും സഹകരണ ആദർശങ്ങൾ പ്രചരിപ്പിക്കുകയും അത് പരമാവധി പ്രവർത്തനപഥത്തിൽ കൊണ്ടുവരാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, തീർത്ഥാടന കേന്ദ്രങ്ങൾ - സ്വദേശത്തേയും ബന്ധപ്പെടുത്തി പാക്കേജ് ടൂറികൾ കോൺട്രാക്റ്റ് ടൂറുകൾ എന്നിവ സംഘടിപ്പിക്കുക. ഇത്തരം ടൂറുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശത്തേയും സ്വദേശത്തേയും ടൂറിസ്റ്റ്/ ട്രാവൽ ഏജൻസികളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ച് പ്രവർത്തിക്കുക, ബിൽറ്റ് ഓപ്പറേറ്റർ ആന്റ് ട്രാൻസ്ഫർ (ബി.ഒ.റ്റി) അടിസ്ഥാനത്തിൽ ഗവ. പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുക, കേന്ദ്ര സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ, സർക്കാർ - സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഭവനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിലെ ശുചീകരണ പ്രവൃത്തികൾ, പ്ലംബിംഗ്, ഇലക്ട്രിക്, വെൽഡിംഗ്, ഫാബ്രിക്കേറ്റിംഗ്, ടൈൽസ് ലേയിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ഏജൻസിയായി പ്രവർത്തിക്കുക, പൊതു മേഖലയിലേയും സ്വകാര്യ സംരംഭകരുടേയും വ്യാവസായിക സ്ഥാപനങ്ങളുടെയും യന്ത്രോപകരണങ്ങളുടെ മെയിന്റനൻസ് ജോലികൾ ഏറ്റെടുത്ത് നടത്തുക തുടങ്ങിയവയാണ് സൊസൈറ്റി മുന്നോട്ട് വയ്ക്കുന്ന പദ്ധതികൾ. കൂടാതെ തിരികെ വരുന്ന പ്രവാസികളുടെ വിവരം ശേഖരിക്കുന്നതിനായി ഡാറ്റാ ബാങ്ക് |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അവരെ സഹായിക്കേണ്ടത് സർക്കാർ ഉത്തരവാദിത്വമായി കാണുന്നു. ആയതിനാൽ ഇത്തരം സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതി നടപ്പ് വർഷം തുടക്കം കുറിച്ചു. |
| ഡി) | കേരളത്തിന്റെ സാമ്പത്തിക-സാംസ്കാരിക രംഗത്ത് പ്രവാസി മലയാളികളുടെ പങ്കാളിത്തമുറപ്പിക്കാൻ ലോകകേരള സഭ മുന്നോട്ട് വയ്ക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ഡി) | കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബഹു.മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്ക്കരിച്ചു. വിവിധ മേഖലകളിൽ നിക്ഷേപം നടത്തുന്നതിലേയ്ക്കായി പ്രസ്തുത കമ്പനി specific SPVs രൂപീകരിച്ച് അതിൽ സർക്കാർ 26% ഓഹരിയും 74% പ്രവാസി നിക്ഷേപകരും വഹിക്കും. ടൂറിസം, തുറമുഖം, എയർപോർട്ട്, എൻ.ആർ.ഐ ടൗൺഷിപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ, നിർമ്മാണം, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ്, മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് നിക്ഷേപത്തിനായി കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.<br>കൂടാതെ സാമ്പത്തിക - സാംസ്കാരിക രംഗത്ത് പ്രവാസി മലയാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ നിരവധി ആശയങ്ങളാണ് രണ്ടാം ലോക കേരള സഭയിൽ ഉയർന്നത്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**